# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3404 | 29.01.2014 ലെ മറുപടിക്ക്

## അനധികൃതനിർമ്മാണങ്ങൾ സാധൂകരിക്കുന്നതിനുള്ള നിബന്ധനകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ . | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തുകളിലെ അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പഞ്ചായത്തുകളിൽ അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിന് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പായി പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |
| (സി) അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; | (സി) | അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിന് നിലവിൽ ഉത്തരവുകൾ ഇല്ല. |
| (ഡി) അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിനുള്ള അധികാരം ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പൂർത്തിയാക്കിയിട്ടുള്ള നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരമുണ്ട്. |
| (ഇ) അനധികൃത നിർമ്മാണം സംബന്ധിച്ച പരാതി കണക്കിലെടുക്കാതെ പ്രസ്തുത നിർമ്മാണം സാധൂകരിച്ച് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഇ) | സാധൂകരിച്ച് നൽകുന്നില്ല |

സെക്ഷൻ ഓഫീസർ